➯ പഞ്ചായത്തീരാജ് സംവിധാനം ഇപ്പോഴും തുടങ്ങിയ സ്ഥലത്തു തന്നെ നിൽക്കുന്നു ➯

തദ്ദേശസ്വയംഭരണവും
ജനാധികാരത്തിന്റെ
സാധ്യതകളും

# പഞ്ചായത്ത് തെരഞ്ഞെടുപ്പ് ജനങ്ങൾ ഏറ്റെടുക്കുക

ഇപ്പോഴും തുടങ്ങിയ സ്ഥലത്തുതന്നെ നിൽക്കുന്ന പഞ്ചായത്തീരാജ് സംവിധാനത്തെ ക്രമാനുഗതമായി ഗ്രാമസ്വരാജിലേയ്ക്ക് എങ്ങനെ വികസിപ്പിക്കാമെന്നുള്ള ചിന്തകളാണ് ജനാധികാരത്തെ മുൻനിർത്തി തെരഞ്ഞെടുപ്പിൽ ചർച്ചയാകേണ്ടതെന്ന്

**അഡ്വ. ജോർജ്ജുകുട്ടി കടപ്ലാക്കൽ**

**പഞ്ചായത്തീരാജ്** നിയമം നിലവിൽ വന്ന് 20 വർഷം പിന്നിടുമ്പോൾ കേരളം ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കൂടി കടന്നുപോവുകയാണ്. പിന്നിട്ട നാളുകളെ വിലയിരുത്തുമ്പോൾ കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും പ്രാദേശിക സർക്കാറുകളും സമീപനത്തിലും ശൈലിയിലും കാര്യമായ വ്യത്യാസം പുലർത്തുന്നില്ല എന്നതാണ് നമ്മുടെ അനുഭവം. പഞ്ചായത്ത്രാജിൽ നിന്നും ഗ്രാമസ്വരാജിലേയ്ക്ക് ക്രമാനുഗതമായി വികസിക്കേണ്ടിയിരുന്ന പഞ്ചായത്തീരാജ് സംവിധാനം ഇപ്പോഴും തുടങ്ങിയ സ്ഥലത്തുതന്നെ നിൽക്കുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരുമ്പോൾ ഇന്ത്യയിലെ ഗ്രാമങ്ങൾ എന്തെല്ലാം പരിമിതികളുണ്ടായിരുന്നുവെങ്കിലും അവ സ്വയംപര്യാപ്തമായിരുന്നു. അതുകൊണ്ടാണ് ഇവിടത്തെ ഗ്രാമസമൂഹങ്ങൾ ചെറിയ റിപ്പബ്ലിക്കുകളാണെന്നും മറ്റൊന്നും നിലനിന്നില്ലെങ്കിലും അവ അനന്തമായി നിലനിൽക്കുമെന്നും 1882-ൽ റിപ്പൺ പ്രഭു പറഞ്ഞത്. എന്തായാലും പിന്നീടങ്ങോട്ട് വിവിധനിയമ നിർമ്മാണങ്ങളിലൂടെയും അല്ലാതെയും ബ്രിട്ടീഷുകാർ ഇന്ത്യൻ ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത തകർക്കുകയായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയോടെ ഭരണഘടന നിർമ്മാണ അസംബ്ലി രൂപീകരിക്കുകയും ഇന്ത്യയ്ക്ക് ഒരു ഭരണഘടനയുണ്ടാക്കുകയും ചെയ്തുവെങ്കിലും ഗ്രാമസ്വരാജ് എന്ന ലക്ഷ്യം നേടുന്നതിനുള്ള യാതൊരു ചുവടുവയ്പുകളും ഭരണഘടനയിലുണ്ടായില്ല. ഭരണഘടനയുടെ IV- ാംഭാഗത്ത് രാഷ്ട്രനയത്തിന്റെ മാർഗ്ഗനിർദ്ദേശക തത്വങ്ങളിൽ 40-ാം ആർട്ടിക്കിളിൽ "ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുവാൻ രാഷ്ട്രം നടപടി എടുക്കേണ്ടതും സ്വയംഭരണത്തിന്റെ ഘടകങ്ങളായി അവയെ പ്രവർത്തനക്ഷമമാക്കുന്നതിലേയ്ക്ക് ആവശ്യമാകാവുന്ന അങ്ങനെയുള്ള കഴിവുകളും അധികാരവും അവയ്ക്ക് നല്കേണ്ടതും" ആകുന്നു എന്ന് മാത്രമാണ് അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് വിവരിച്ചിരിക്കുന്നത്. പിന്നീട് 1957-ൽ ബൽവന്തറായ് മേത്ത കമ്മറ്റിയും പിന്നീട് അശോക് മേത്ത കമ്മറ്റിയും രൂപീകരിക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തുവെങ്കിലും 1992-ലെ 73-ാം ഭരണഘടനാ ഭേദഗതിയോടെയാണ് ഗ്രാമപഞ്ചായത്തുകൾക്ക് അസ്ഥിത്വം കൈവന്നത്. അതിനുമുൻപ് പഞ്ചായത്തുകൾ ഉണ്ടായിരുന്നുവെങ്കിലും അത് ദുർബലമായിരുന്നു. സാമ്പത്തിക സ്ഥിതിയാകട്ടെ വളരെ പരിതാപകരവും. 01.06.1993 മു

തൽ പ്രാബല്യത്തിൽ വന്ന 73-ാം ഭരണഘടന ഭേദഗതിയോടുകൂടി മുൻപുണ്ടായിരുന്ന 9-ാം ഭാഗം റദ്ദ് ചെയ്ത് 243 മുതൽ 243 (0) വരെയുള്ള ഭാഗങ്ങൾ ചേർത്തു. അതോടുകൂടി ഇന്ത്യയിലെ പഞ്ചായത്ത് സംവിധാനത്തിന് പുതിയൊരു ദിശ കൈവന്നു. 243 (എ) വകുപ്പായി ഗ്രാമസഭ ചേർത്തുകൊണ്ട് ഗ്രാമസഭയ്ക്ക് ഭരണഘടന പദവി നൽകി. 243 (ബി) അനുസരിച്ച് ഗ്രാമസഭയിൽ 'വില്ലേജ്തല പഞ്ചായത്ത് പ്രദേശത്തിലുൾപ്പെട്ട ഒരു വില്ലേജ് സംബന്ധിച്ച് സമ്മതിദായക പട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകൾ ഉൾപ്പെട്ടിരിക്കുന്നു.'

243 (എ) അനുസരിച്ച് "ഒരു ഗ്രാമസഭയ്ക്ക് വില്ലേജ് തലത്തിൽ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമംവഴി വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതും അങ്ങനെയുള്ള ചുമതല നിർവ്വഹിക്കാവുന്നതുമാണ്.

> പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് കക്ഷി രാഷ്ട്രീയ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടക്കുന്നത്. പാർട്ടികൾ ടിക്കറ്റ് നല്കുകയും പാർട്ടികൾ പാർലമെന്റ്-നിയമ മണ്ഡലങ്ങളിലേക്ക് നടത്തുന്ന രീതിയിൽ വൻതോതിൽ പണം ചെലവഴിച്ചും മദ്യമൊഴുക്കിയുമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. അധികാരം ഇപ്പോഴും പാർട്ടികളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കൂറ് പാർട്ടിയോടാണ്, ജനങ്ങളോടല്ല.

243(സി) അനുസരിച്ച് ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന് നിയമംവഴി പഞ്ചായത്തുകളുടെ ഘടന സംബന്ധിച്ച് വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

243 (ജി) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം പഞ്ചായത്തുകൾ സ്വയംഭരണസ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ അവയെ പ്രാപ്തമാക്കുന്നതിന് നിയമംവഴി ആവശ്യമായ അങ്ങനെയുള്ള അധികാരങ്ങളും അധികാരശക്തി നല്കാവുന്നതും അങ്ങനെയുള്ള നിയമത്തിൽ അതിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി

എ) സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും പദ്ധതി തയ്യാറാക്കൽ.

ബി) അവയെ ഏൽപ്പിക്കാവുന്ന 11-ാം പട്ടികയിൽ ചേർത്തിട്ടുള്ള സംഗതികളുൾപ്പെടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ നടപ്പാക്കൽ എന്നിവ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഉചിതതലത്തിൽ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുകൊടുക്കുന്നതിനുള്ള വ്യവസ്ഥകളടങ്ങിയിരിക്കാവുന്നതുമാണ്.

എന്നാൽ 73-ാം ഭരണഘടനാഭേദഗതിയെ തുടർന്ന് കേരള നിയമസഭ 1994-ൽ പാസ്സാക്കിയ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഓരോ നിയോജകമണ്ഡലവും (വാർഡ്) ഒരു ഗ്രാമമായി കണക്കാക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം വാർഡുവിഭജനത്തിലെ സ്വാർത്ഥതാല്പര്യങ്ങൾ മൂലം ഒരു വാർഡ് എന്നത് പലപ്പോഴും ഭൂപ്രകൃതികൊണ്ട് പല തട്ടുകളായിപ്പോകുന്നു. ഒരു ഗ്രാമമെന്ന് പറയാൻ പറ്റാത്ത അവസ്ഥയിലാകുന്നു. ഏകദേശം വൃത്താകൃതിയിലോ അർദ്ധവൃത്താകൃതിയിലോ മറ്റ് പരിഗണനകൾ നോക്കാതെ വിഭജിച്ചാൽ ആളുകൾ ചേരുന്നതിന് സൗകര്യവും താൽപര്യവും വർദ്ധിക്കും.

ഏറെ കൊട്ടിഘോഷവുമായാണ് പുതിയ പഞ്ചായത്ത് രാജ് നിയമം എത്തിയത്. ഗാന്ധിയൻ സ്വപ്നങ്ങൾ പൂവണിയുന്നുവെന്നായിരുന്നു അന്നത്തെ പ്രചരണം. ഗ്രാമസഭകളായിരുന്നു പഞ്ചായത്ത് രാജിലെ ഏറ്റവും ആകർഷണകേന്ദ്രം. എന്നാൽ ഗ്രാമസഭ വെറും ആൾക്കൂട്ടം മാത്രമായി മാറി. വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന അധികാരം മാത്രമാണ് ഇപ്പോൾ ഗ്രാമസഭയ്ക്കുള്ളത്. ഗ്രാമസഭ ഇപ്പോൾ വെറും ആൾക്കൂട്ടം മാത്രമായി പ്രവർത്തിക്കുന്നു.

ഗ്രാമസഭയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിന് സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്. നിർഭാഗ്യവശാൽ 20 വർഷം കഴിഞ്ഞിട്ടും ഒരു ഗവണ്മെന്റും ശരിയായവിധം പ്രവർത്തിക്കാവുന്ന വിധത്തിൽ ഗ്രാമസഭ രൂപപ്പെടുത്തുകയോ ഗ്രാമസഭയ്ക്ക് കൂടുതൽ അധികാരങ്ങൾ നല്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ ഇപ്പോൾ ഗ്രാമസഭയിൽ വേണ്ടത്ര ജനപങ്കാളിത്തമില്ല.

മദ്യഷാപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്ന അധികാരം



പിൻവലിച്ചു. സമരത്തെത്തുടർന്ന് വീണ്ടും നല്കിയെങ്കിലും ഫലപ്രദമല്ല.

പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് കക്ഷി രാഷ്ട്രീയ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടക്കുന്നത്. പാർട്ടികൾ ടിക്കറ്റ് നല്കുകയും പാർട്ടികൾ പാർലമെന്റ്-നിയമ മണ്ഡലങ്ങളിലേക്ക് നടത്തുന്ന രീതിയിൽ വൻതോതിൽ പണം ചെലവഴിച്ചും മദ്യമൊഴുക്കിയുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. അധികാരം ഇപ്പോഴും പാർട്ടികളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കൂറ് പാർട്ടിയോടാണ്, ജനങ്ങളോടല്ല.

### വികസനപ്രവർത്തനങ്ങൾക്ക് കമ്മീഷൻ

മുൻകാലങ്ങളിൽ പഞ്ചായത്തുകൾ സാമ്പത്തിക ദാരിദ്ര്യം അനുഭവിച്ചിരുന്നുവെങ്കിൽ ഇപ്പോൾ കഥമാറി. ഒരു വർഷം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ നാലുകോടി മുതൽ എട്ട് കോടിവരെ തുകയുടെ വികസനപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പരാതി തയ്യാറാക്കലും ഗുണഭോക്തൃസമിതികളുമൊക്കെയുണ്ടെങ്കിലും കോൺട്രാക്ടർ-ഉദ്യോഗസ്ഥ-ഭരണകൂട്ടുകെട്ടിന്റെ ആധിപത്യമാണ് നടക്കുന്നത്. തുകയുടെ 10 ശതമാനം വാർഡ് പ്രതിനിധിക്ക് എന്നത് പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. കമ്മീഷൻ വാങ്ങാത്തവരും ഉണ്ട്. 40 ശതമാനം കോൺട്രാക്ടറുടെ ലാഭവും ഉദ്യോഗസ്ഥരുടെ വിഹിതമായി പോകുന്നു. ഇത്തരത്തിൽ വലിയ അഴിമതിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അഴിമതിയുടെ വികേന്ദ്രീകരണം ഭംഗിയായി നടന്നു കഴിഞ്ഞു. വികസനപദ്ധതികൾ സോഷ്യൽ ഓഡിറ്റ് വിധേയമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പഞ്ചായത്ത് സംഘടനയ്ക്ക് എന്ത് പറ്റി

1994-ലെ പഞ്ചായത്ത് രാജ് നിയമത്തിൽ 'സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗ്രാമസഭകളും ചേർന്ന് സംസ്ഥാനത്തെ പഞ്ചായത്ത് സംഘടന രൂപീകരിക്കേണ്ടതാണ്' എന്ന് 187-ാം വകുപ്പായി എഴുതി ചേർത്തിരുന്നു.

ഇത് രൂപീകരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ അധികാരവികേന്ദ്രീകരണത്തിന്റെ കൂടുതൽ സാദ്ധ്യതകൾ തെളിയുമായിരുന്നു. എന്നാൽ 1995 ഈ വകുപ്പ് ഭേദഗതി ചെയ്ത് 'ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗ്രാമസഭകളും അടങ്ങിയതായിരിക്കുന്ന സംസ്ഥാനത്തെ പഞ്ചായത്ത് ഭരണസംവിധാനം എന്നാക്കി. അങ്ങനെ കേന്ദ്രസംസ്ഥാന ഗവണ്മെന്റുകൾക്കെതിരെ ഒന്നിച്ചണി നിരന്നുകൊണ്ടുള്ള വിലപേശൽ ശക്തി പ്രാദേശിക ഭരണകൂടങ്ങൾക്ക് ഉണ്ടാവാതെ പോയി.

### പഞ്ചായത്തുകളിൽ കക്ഷി രാഷ്ട്രീയമില്ല

പഞ്ചായത്തുകളിൽ നിന്നും കക്ഷി രാഷ്ട്രീയം ഒഴിവാക്കണം. പഞ്ചായത്ത് കമ്മറ്റിയാണ് പഞ്ചായത്ത് പ്രദേശത്തെ കാര്യനിർവ്വഹണ സമിതിയായി പ്രവർത്തിക്കുന്നത്. അതിൽ പാർട്ടി സിസ്റ്റത്തിന് പ്രസക്തിയില്ല. കമ്മറ്റിയംഗങ്ങളാണ് പ്രസിഡന്റിനെയും മറ്റും തെരഞ്ഞെടുക്കുന്നത്. എല്ലാ അംഗങ്ങളും സ്റ്റാന്റിംഗ് കമ്മറ്റിയിൽ അംഗങ്ങളാണ്. അപ്പോൾ പ്രതിപക്ഷം എന്നത് ഇല്ല. എന്നിട്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിലാണ് നടക്കുന്നത്.

ഗ്രാമസഭകളിൽ ഒരു വാർഡിലെ കാര്യങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. പഞ്ചായ

ത്തിന്റെ ആകമാനമുള്ള പ്രവർത്തനം വില യിരുത്തുന്നതിനോ നിയന്ത്രിക്കുന്നതിനോ ഗ്രാമസഭകളിൽ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത്തല ജനസഭ ആവശ്യമായി വരുന്നു. ജനസഭയിൽ പഞ്ചായത്ത് കമ്മറ്റി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിയന്ത്രിക്കുന്നതിനും ജനസഭയ്ക്ക് കഴിയും.

### നിയമഭേദഗതി വേണം

1. ഗ്രാമസഭകളുടെ തീരുമാനങ്ങൾ നടപ്പാക്കാനുള്ള ബാധ്യത ഗ്രാമപഞ്ചായത്തിനുണ്ടെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുക.
2. വാർഡിലെ വികസന പ്രവർത്തനങ്ങളുടെ വരവുചിലവു കണക്കുകൾ ഗ്രാമസഭകളിൽ അവതരിപ്പിച്ചാൽ മാത്രം പോരാ അവയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്യുക.
3. ആവശ്യമായി വന്നാൽ വാർഡുതല ജനപ്രതിനിധിയെ കണ്ടെത്താൻ തിരഞ്ഞെടുപ്പ് നടത്താൻ ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെടാനുള്ള അധികാരം ഗ്രാമസഭകൾക്ക് നൽകുക.
4. പഞ്ചായത്തിലെ പുതിയ നികുതി നിർദ്ദേശങ്ങൾക്ക് ഗ്രാമസഭകളുടെ അഗീകാരം വാങ്ങണമെന്ന് വ്യവസ്ഥചെയ്യുകയും, സാധ്യമായ രംഗങ്ങളിലെ നികുതികൾ പഞ്ചായത്ത് തലത്തിൽപിരിക്കപ്പെടുകയും പഞ്ചായത്തിന്റെ ഉപരിഭരണ തലങ്ങളിലേയ്ക്ക് നികുതി വിഹിതം നൽകുകയും ചെയ്യുന്ന വിധത്തിൽ നികുതി ഘടനയിൽ മാറ്റം വരുത്തുക.
5. മദ്യഷാപ്പുകൾ, ഫാക്ടറികൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ഗ്രാമസഭകളുടെ മുൻകൂർ അംഗീകാരം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്യുക.
6. പഞ്ചായത്ത് വാർഡിലെ കാര്യങ്ങൾ കൂടുതൽ സുതാര്യമാക്കാനും ജനപങ്കാളിത്തം എല്ലാ കാര്യത്തിലും വർദ്ധിപ്പിക്കുന്നതിനുമായി 50 വീടുകൾ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങളായി ഗ്രാമസഭകളെ തിരിക്കുകയും അയൽക്കൂട്ടങ്ങൾ മാസത്തിൽ ഒരിക്കൽ കൂടുവാൻ വ്യവസ്ഥയുണ്ടാക്കുകയും ചെയ്യുക.
7. അയൽക്കൂട്ടങ്ങളിൽ നിന്ന് ഒന്നോ രണ്ടോ പ്രതിനിധികളെ വീതം തെരഞ്ഞെടുത്ത് അവർ ഉൾക്കൊള്ളുന്ന വാർഡുതല പ്രവർത്തകസമിതിയും അവകൂടിചേർന്ന് പഞ്ചായത്തു തല ജനസഭയും രൂപീകരിക്കാനും മൂന്നുമാസത്തിലൊരിക്കലെങ്കിലും യോഗം ചേരാനും വ്യവസ്ഥ ചെയ്യുക.
8. പഞ്ചായത്ത് ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വിജയിക്കണമെങ്കിൽ മൊത്തം പോൾ ചെയ്യുന്ന വോട്ടിന്റെ അൻപതു ശതമാനത്തിലധികം വോട്ടു നേടണമെന്ന് വ്യവസ്ഥ ചെയ്യുകയും അതിനുചേർന്ന വിധത്തിൽ തെരഞ്ഞെടുപ്പുചട്ടങ്ങളിൽ മാറ്റം വരുത്തുകയും ചെയ്യുക.
9. ഓരോ വർഷവും അതാതു പ്രദേശങ്ങളിലെ വികസനപദ്ധതികളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഗ്രാമസഭയുടെ മുന്നിൽ വയ്ക്കുകയും അവയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങണമെന്നും വ്യവസ്ഥ ചെയ്യുക.
10. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന രംഗങ്ങളിൽ നിന്ന് കരാറുകാരെ പൂർണ്ണമായി ഒഴിവാക്കാനും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാൻ ഗ്രാമസഭകളുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി തൊഴിലാളി സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് കരാറുകൾ നല്കുവാനും വ്യവസ്ഥ ചെയ്യുക.

### ഇത് നടപ്പാക്കാൻ എന്തു ചെയ്യണം?

കഴിഞ്ഞ 20 വർഷക്കാലമായി മാറിമാറി വന്ന ഭരണകൂടം ഭരണഘടനാപരമായി തങ്ങൾക്കുള്ള അധികാരമുപയോഗിച്ച് പഞ്ചായത്തീരാജിനെ ഗ്രാമസ്വരാജിന്റെ ദിശയിൽ പരിവർത്തനപ്പെടുത്തുന്നതിന് ശ്രമിച്ചില്ല. പാർട്ടി നിയന്ത്രണത്തിലിരിക്കുന്ന പഞ്ചായത്ത് ഭരണസമിതി ഇതൊന്നും ആവശ്യപ്പെടുന്നുമില്ല. ഭരിക്കുന്നവർ പഞ്ചായത്തായാലും സംസ്ഥാനമായാലും കേന്ദ്രമായാലും ഒരേ തൂവൽ പക്ഷികളാവുന്നു. അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കാതെ ജനങ്ങളെ വഞ്ചിക്കുകയും ചെയ്യുന്നു. മുഖ്യധാര രാഷ്ട്രീയ പാർട്ടികൾ ഇക്കാര്യം ചർച്ച ചെയ്യുന്നതിനുപോലും തയ്യാറാകുന്നില്ല. ഭരണാധികാരിയിൽ ജനങ്ങൾക്ക് നിയന്ത്രണമില്ലാത്തിടത്തോളം കാലം അഴിമതിയും ദുർഭരണവും ജനവിരുദ്ധവികസനവും മുമ്പോട്ടുപോകുകയും ചെയ്യും.

ഇതിനുള്ള പരിഹാരം പഞ്ചായത്തീരാജ് സംവിധാനത്തെ ഗ്രാമസ്വരാജ് ദിശയിൽ പരിവർത്തനപ്പെടുത്തുക മാത്രമാണ്. ജനങ്ങൾ പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഏറ്റെടുത്തുകൊണ്ട് ഈ ആവശ്യത്തിനായി ഭരണകൂടത്തെ സമ്മർദ്ദത്തിലാക്കുകയല്ലാതെ അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുവാൻ മറ്റ് വഴികളില്ല. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടക്കുമ്പോൾ ജനാധികാരത്തിന്റെ അടിസ്ഥാന തത്വങ്ങൾ നടപ്പാക്കുന്നതിന് ഭരണകൂടത്തിന്മേൽ സമ്മർദ്ദം ചെലുത്തുന്നതിന് ജനങ്ങൾ സ്വയം സംഘടിച്ച് സ്ഥാനാർത്ഥികളെ മത്സരിപ്പിക്കേണ്ടിയിരിക്കുന്നു. ■